# പതിമൂന്നാം കേരളനിയമസഭ
# പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 1790** 		**21.01.2014-ലെ മറുപടിയ്ക്ക്**

## കെട്ടിട നമ്പർ നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.റ്റി.എ.റഹീം** | **ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) ചാത്തമംഗലം ഗ്രാമപഞ്ചായ ത്തിലെ ഈഗ്ൾ പ്ലാന്റേഷൻ കോളനിയിൽ ഭൂമി പതിച്ചു കിട്ടിയ വരിൽ എത്ര പേർക്കാണ് കെട്ടിട നമ്പറുകൾ നൽകിയിട്ടുള്ളതെന്നും കെട്ടിട നമ്പർ നൽകുന്നതിന് അവ ശേഷിക്കുന്ന എത്ര വീടുകളാണുള്ള തെന്നും വ്യക്തമാക്കാമോ ; | (എ) 33 വീടുകൾക്ക് (സ്ഥിര നമ്പർ 10, താൽക്കാലിക നമ്പർ 23) നമ്പർ നൽകി യിട്ടുണ്ട്. നമ്പറിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള വയിൽ 28 വീടുകൾക്കാണ് ഇനി നമ്പർ നൽകുവാനുള്ളത്. |
| (ബി) കൈവശക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എല്ലാ വീടുകൾക്കും നമ്പരിട്ടു നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നിർദ്ദേശം നൽകാൻ തയ്യാറാകുമോ; | (ബി & സി) കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 100 $M^2$ വരെയുള്ള വീടു കൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടി ഫിക്കറ്റുകൾ നൽകുന്നതിന് 4.6.12- ലെ ജി ഒ (എം എസ്) 149/2012/ തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) പ്ലാൻ കൂടാതെ നിർമ്മിച്ച കെട്ടിട ങ്ങൾക്ക് നമ്പർ ലഭ്യമാക്കാൻ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചി ട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - അനധികൃതനിർമ്മാണം - കെട്ടിട നിർമ്മാണ ചട്ടങ്ങളും, നിയമങ്ങളും ലംഘിക്കപ്പെടുന്ന 100 ച.മീറ്റർ വരെയുള്ള വീടുകൾക്ക് താല്ക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നല്കുന്നതിനുള്ള അധികാരം പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകൾക്ക് നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ. എ) വകുപ്പ്

സ.ഉ. (എം.എസ്) നം. 149/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 4/06/2012.

---

**ഉത്തരവ്**

കെട്ടിട നിർമ്മാണ ചട്ടവും നിയമങ്ങളും ലംഘിക്കപ്പെട്ടു എന്ന കാരണത്താൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കെട്ടിട നമ്പർ അനുവദിച്ച് നല്കുന്നില്ല എന്ന സാഹചര്യം നിലവിലുണ്ടെന്നും ആയതിനാൽ റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർ പട്ടികയിൽ പേരു ചേർക്കൽ എന്നീ സേവനങ്ങൾ ലഭിക്കുന്നതിൽ പ്രയാസം നേരിടുന്നുണ്ടെന്ന് മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ ലഭിച്ച അനവധി നിവേദനങ്ങളിൽ നിന്നും സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചട്ടലംഘനം നടത്തി എന്ന കാരണത്താൽ നിയമാനുസൃതം കെട്ടിട നമ്പർ അനുവദിച്ച് നൽകാൻ കഴിയാത്തതും, ഇപ്പോൾ നിർമ്മാണം പൂർണ്ണമായും പൂർത്തിയാക്കിയിട്ടുള്ളതുമായ 100 ച.മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം കേരള പഞ്ചായത്ത് രാജ് നിയമം 235(എഎ), 235(ഡബ്ല്യു), കേരള

മുൻസിപ്പാലിറ്റി ആക്റ്റ് 242, 406 എന്നീ വകുപ്പുകളിൽ അനുശാസിച്ചിട്ടുള്ള നടപടികൾക്ക് വിധേയമായി "താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്" നല്കുവാൻ അതാത് പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർക്ക് അധികാരം നല്കികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഇപ്രകാരം നൽകുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് മേല്പറഞ്ഞ സേവനങ്ങൾക്ക് വേണ്ടി മാത്രം ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നല്കുന്ന വീടുകളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസിലാക്കുന്ന വിധം ഫോട്ടോ എടുത്ത് പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർ ഒരു രജിസ്റ്ററിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നല്കുന്ന വീടുകൾ, ഭാവിയിൽ തുടർ നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി മാത്രമേ നടത്തുവാൻ പാടുള്ളൂ. താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നല്കി എന്ന കാരണത്താൽ ഈ കെട്ടിടങ്ങൾ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിക്കേണ്ട നിയമപരമായ നടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല. ഇക്കാര്യം ബന്ധപ്പെട്ട അധികാരികൾ ഉറപ്പാക്കേണ്ടതുമാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**രാജേഷ് കുമാർ സിംഗ്,**
സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഈ ഉത്തരവിന്റെ പകർപ്പ് അടിയന്തരമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്.